# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2149

26.03.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലേയും നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. റ്റി. ജോർജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലെയും പ്രവേശന തസ്തികകളിലെ നിയമനം പൂർണ്ണമായും പി.എസ്.സി. മുഖേനയാണോ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാരിന്റെ 29.04.1995 ലെ 6434/ലെജി.ബി2/95/Law നമ്പർ വിജ്ഞാപനപ്രകാരം സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലെയും പ്രവേശന തസ്തികയിലെ നിയമനം പൂർണ്ണമായും പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകൾ ഏതെല്ലാം; ഓരോന്നിനും എത്രപേർക്കുള്ള നിയമനമാണ് അനുവദിച്ചിട്ടുള്ളത് ; അവയിൽ പി.എസ്.സി. മുഖേന നിയമനം നേടിയവർ എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നു; ഒഴിഞ്ഞുകിടക്കുന്നവ എത്ര; | (ബി) സംസ്ഥാന സഹകരണ ബാങ്കിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെയും ഓരോന്നിലും അനുവദിച്ചിട്ടുള്ള നിയമനവും, നിയമനം നേടിയവരുടെയും ഒഴിവുകളുടെയും വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ പ്രവേശന തസ്തികളിലെ നിയമന രീതി വിശദമാക്കുമോ; ഓരോ ബാങ്കുകളിലും ഏതെല്ലാം തസ്തികകളിലെ നിയമനമാണ്. പി.എസ്.സി. മുഖേന നടത്തുന്നത്; പ്രസ്തുത തസ്തികകളിൽ ഓരോന്നിലും ഓരോ ജില്ലാ സഹകരണ ബാങ്കിലും എത്ര പേർക്കുള്ള നിയമനമാണ് | (സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ പ്രവേശന തസ്തികളിലെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ-ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, പ്യൂൺ എന്നീ തസ്തികയിലെ നിയമനം പൂർണ്ണമായും ശാഖാമാനേജർ |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുള്ളത്; അവയിൽ പി.എസ്.സി. മുഖേന നിയമനം നേടിയവർ എത്ര; ശേഷിക്കുന്ന ഒഴിവുകളിൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എത്ര; | | തസ്തികയുടെ 25 ശതമാനവും പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തണമെന്നതാണ് വ്യവസ്ഥ. ഓരോ ജില്ലാ സഹകരണ ബാങ്കിലും പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്ന തസ്തികയുടെ വിവരം, അവയിൽ പി.എസ്.സി. മുഖേന നിയമനം നേടിയവർ, ശേഷിക്കുന്ന ഒഴിവുകളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തവ എന്നിവയുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നേടിയവർ ആരെങ്കിലും ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതായ തസ്തികകളിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന അല്ലാതെ പി.എസ്.സി. നിയമനം നടക്കുന്നത് വരെ താല്ക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം വഴി നിയമിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**